**പതിമൂന്നാംകേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നംപർ. 2132**

19.06.2012- ൽ
മറുപടിയ്ക്ക്

**പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണം**

**ചോദ്യം**

**ഉത്തരം**

**ശ്രീ. സി. ദിവാകരൻ**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) കൈത്തറി, കശുവണ്ടി, കയർ, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി നടപ്പിലാക്കിയ നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

(എ) കൈത്തറി, കശുവണ്ടി, കയർ, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

**കൈത്തറി മേഖല**

ആധുനികവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫാക്ടറി മാതൃകാ സംഘങ്ങളുടെയും പൊതുവർക്ക്ഷെഡ് ഉപയോഗിക്കുന്ന കൈത്തറി സംഘങ്ങളുടെയും ഫാക്ടറി കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള ഗ്രാന്റ് അധിക മൂല്യവർദ്ധിത/ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനുള്ള ധനസഹായം നൽകുന്ന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ന്യൂമാറ്റിക് ജക്കാർഡും ഇലക്ട്രിക്കലി ഓപ്പറേറ്റഡ് ജക്കാർഡും സ്ഥാപിക്കാൻ നടപടി എടുത്തിട്ടുണ്ട്. വാർപ്പിംഗ് ആന്റ് സൈസിംഗിന്റെ സമയദൈർഘ്യം കുറയ്ക്കുന്നതിനും ഏതു കാലാവസ്ഥയിലും വാർപ്പ് ഉല്പാദിപ്പിക്കുന്നതിനും വേണ്ടി ഐ.ഐ.എച്ച്.റ്റി. സേലം മുഖേന വികസിപ്പിച്ചെടുത്ത സ്പൂൾ വാർപ്പിംഗ് മെഷീൻ ഹാൻെറക്സ്, ഹാൻവീവ് എന്നിവിടങ്ങളിൽ സ്ഥാപിച്ചു.

കൈത്തറി മേഖലയെ പുനരുദ്ധാരിക്കുന്നതിനായി കേന്ദ്ര സർക്കാർ റിവൈവൽ റിഫോം റീസ്ട്രക്ചറിംഗ് പാക്കേജ് എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

**കശുവണ്ടി മേഖല**

കശുവണ്ടി മേഖലയിലെ വികസനത്തിനായി റിജുവിനേഷൻ ഓഫ് കാഷ്യൂ ഇൻഡസ്ട്രി, മോഡേണൈസേഷൻ ഓഫ് കാഷ്യൂ ഫാക്ടറി, അപ്പ്ഗ്രഡേഷൻ ഓഫ് ഫെസിലിറ്റീസ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**കയർ മേഖല**

1. 2011-12 വർഷത്തിൽ പുനരുദ്ധാരണത്തിന്റെ ഭാഗമായി കയർ മേഖലയിലെ 389 സംഘങ്ങൾക്ക് 9,54,73,406/- രൂപ പ്രവർത്തന മൂലധനമായും 4 സംഘങ്ങൾക്ക് 4,81,200/- രൂപ സ്ഥിരം മൂലധനമായും നൽകിയിട്ടുണ്ട്.
2. കയർ പിരിമേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി 210 രൂപയും ഉല്പന്നമേഖലയിൽ 285 രൂപയും ഉറപ്പ് വരുത്തി ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി.
3. കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു പി.വി.സി. ടഫ്റ്റഡ് യൂണിററ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു.
4. ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ഒരു കയർ കോംപസിറ്റ് ബോർഡ് ഫാക്ടറി ഈ വർഷം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
5. കയർ മേഖലയിലെ എല്ലാത്തരം മെഷീനറികളും നിർമ്മിക്കാനുതകുന്ന കയർ മെഷീനറി ഫാക്ടറി ആലപ്പുഴയിൽ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

6. കണിച്ചുക്കുളങ്ങരയിൽ ചികിരി നാരുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വിവിധതരം കയർ യാണുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള ഡിവിഷൻ സ്ഥാപിച്ചു.
7. കയർപിത്ത് കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റും കയർപിത്ത് ബ്ലോക്കും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.
8. കയർ പായകൾ, തടുക്കുകൾ എന്നിവയ്ക്ക് വർണ്ണങ്ങൾ നൽകുന്നതിന് റബ്ബർ ബാക്കിംഗ് നൽകി നിർമ്മിക്കുന്നതിനുള്ള

   ഡൈഹൗസ് & റബ്ബർ ബാക്കിംഗ് യൂണിറ്റ് എന്നിവയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ഖാദി മേഖല

ഖാദി മേഖലയിൽ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലായി ഖാദി നൂൽപ്പ്, നെയ് ത്ത്, പ്രിന്റിംഗ് യൂണിറ്റ്, ഡൈയിംഗ് യൂണിറ്റ് എന്നിവ ഉൾപ്പെടുന്ന **മലബാർ ഖാദി ക്ലസ്റ്റർ** എന്ന പേരിൽ 149 ലക്ഷം രൂപ ചെലവിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

## പനമ്പ് മേഖല

പരമ്പരാഗത കരിമ്പന വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി കൊറ്റാമം കേന്ദ്രമായി പ്രവർത്തിക്കുന്ന ശീതളപാനീയ യൂണിറ്റിന്റെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

## കരകൗശല മേഖല

1. കരകൗശല വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന വില്പനശാലകളായ എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ട്, കൈരളിയുടെ ഊട്ടി, ചെന്നൈ,

കോഴിക്കോട്, കൊല്ലം എന്നീ ഷോറൂമുകൾ നവീകരിച്ചു.

2. തിരുവനന്തപുരത്തെ എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിനെ അന്തർദ്ദേശീയ സ്ഥാപനമായി ഉയർത്തുന്നതിന്റെ ഭാഗമായി ആധുനിക മന്ദിരം പണിയുന്നതിന് നടപടി ആരംഭിച്ചു.
3. ഉല്പാദനവും വിപണനവും ഒരു കുടക്കീഴിൽ കൊണ്ട് വരുന്നതിന് വേണ്ടി തിരുവനന്തപുരത്ത് അട്ടക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന സി.എഫ്.എസ്.സി.-യെ സിറ്റി ക്രാഫ്റ്റ് സെന്ററാക്കി ഉയർത്തി ടൂറിസ്റ്റുകളെ ആകർഷിക്കാൻ വേണ്ട നടപടികൾ ആരംഭിച്ചു.
4. ആധുനിക 3 ഡി പെന്റോഗ്രാഫ് വുഡ് വർക്കിംഗ് മെഷീൻ സ്ഥാപിച്ചു.
5. Quality Certification - ന്റെ ഭാഗമായി ISO സർട്ടിഫിക്കേഷൻ, Trademark Registration എന്നിവയ്ക്കുവേണ്ട നടപടി സ്വീകരിച്ചു.
6. ടെക്നോപാർക്കിൽ പുതിയ ഷോറൂം ആരംഭിച്ചു.
7. എറണാകുളം ഇൻഫോ പാർക്കിൽ പുതിയ ഷോറൂം ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചു.
8. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, കേരള ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുമായി ചേർന്ന് ആർട്ടിസാൻമാർക്ക് പുതിയ ഡിസൈൻ വികസിപ്പിക്കുവാനും പുതിയ ടെക്നോളജി ഉപയോഗപ്പെടുത്തുവാനും വേണ്ട ട്രെയിനിംഗ് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
9. കൊല്ലം ജില്ലയിലെ ഉമയനല്ലൂരിൽ ആധുനിക യന്ത്രോപകരണങ്ങളുടെ സഹായത്താൽ വിവിധയിനം കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും, പരിശീലനം നൽകുന്നതിനുമായി മോഡേൺ മെക്കനൈസ്ഡ് കോമൺ ഫെസിലിറ്റി

സർവ്വീസ് സെന്റർ ഫോർ ഹന്റിക്രാഫ്റ്റ്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കോഴിക്കോട് നടുവ ണ്ണൂരിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രൊഡക്ഷൻ കം കോമൺ ഫെസിലിറ്റി സർവ്വീസ് സെൻ്റർ ഫോർ കാർപെന്ററി ആന്റ് ബ്ലാക്ക് സ്മിത്തി പ്രാവർത്തികമാക്കാൻ നടപടി എടുത്തു വരുന്നു.

50,000 സ്ത്രീകൾക്ക് തൊഴിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 'ഗൃഹസ്ഥ ' പദ്ധതി നടപ്പിലാക്കി വരുന്നു.

സർക്കാർ/അർദ്ധസർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവി ടങ്ങളിൽ ഫർണിച്ചർ വിതരണം ചെയ്യുന്ന തിനായി സർവ്വീസ് ആന്റ് സപ്ലൈ സ്കീം നടപ്പിലാക്കി വരുന്നു.

ആർട്ടിസാൻമാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി NBCFDC - യുടെ വായ്പാ പദ്ധതി നടപ്പാക്കുന്നതിന് വേണ്ടി 3 കോടി രൂപയ്ക്ക് ഗ്യാരണ്ടി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ